UNEMPLOYMENT IN STATE—RELIEF OF—MEASURES TAKEN BY GOVERNMENT

72. (55) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

whether the Government are aware that unemployment among the people has increased to a great extent; if so, what are the measures that the Government are going to adopt to remedy this problem?

Mr. P. Govinda Menon *(Minister for Finance and Law)*: Yes. Government have taken up various post-war schemes like the Poringalkuthu Hydro-Electric Scheme, Peechi Irrigation Scheme, Road Board Works like Pandikkudi-Chellanam, Vypeen-Pallippuram, 70ft. Road, Ernakulam, Foreshore Reclamation Scheme and construction of drainage canals; the execution of which will require the services of a large majority of labourers of different types.

മിസ്റ്റർ എം. ഐ. പോൾ: ഇവിടത്തെ തൊഴിലില്ലായ്മ പരിഹരിക്കത്തക്ക ഒരു സ്കീമുമില്ലെ; ഇവിടെ വല്ല ഫാക്ടറികളും തുടങ്ങി തൊഴിലില്ലാത്തവക്ക് എന്തെങ്കിലും ജോലി കൊടുക്കത്തക്ക വല്ല പദ്ധതിയും ഗവണ്മെണ്ടിനുണ്ടോ?

Mr. P. Govinda Menon (*Minister for Finance and Law*): Yes. Government have taken up various post-war schemes like the Poringalkuthu Hydro-electric Scheme, Peechi Irrigation Scheme. Road Board Works like Pandikkudi—Chellanam, Vypeen—Pallippuram, 70 ft. road Ernakulam, Foreshore Reclamation Scheme and construction of drainage canals, the execution of which will require the services of a large number of labourers of different types.

Mr. President: The word is 'majority' in the printed answer.

Mr. P. Govinda Menon *(Minister for Finance and Law)*: I have correctly read it. Over and above this the Hon'ble House will have noted that in the present budget provision has been made among other things for two major works like the Kannamkuzhi Scheme and the expansion of the institution of a wood-workshop in Chalakkudi.

Mr. P. K. Dewer *(Labour)*: May I know Sir, what will be the number of labourers that this wood workshop will absorb?

Mr. P. Govinda Menon (*Minister for Finance and Law*): Sir, it has not been possible ior Government to examine the question. In Government's anxiety to have some works of this nature a lump provision has been made in the budget, to take up that work. The matter will be examined immediately afterwards and then alone will details be available.

Mr. P. K. Dewer *(Labour)*: May I know the number of men and women employed in the Pallippuram Road Work now?

മിസ്റ്റർ കെ. അയ്യപ്പൻ: പാലം പണിക്ക കുറെ ആളുകളെ ആവശ്യമുണ്ട്. ഇപ്പോൾ തന്നെ കുറെ ആളുകൾജോലി ചെയ്യുന്നുണ്ട്. അതെത്ര പേരുണ്ടെന്നു് നോട്ടീസുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

Mr. P. K. Dewer *(Labour)*: May I know Sir, whether any body has been employed in the Pandikudi-Chellanam road work?

മിസ്റ്റർ കെ. അയ്യപ്പൻ: പാണ്ടിക്കുടി-ചെല്ലാനം റോഡിന്റെ അക്വിസിഷൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടു് ആ വക്കു് എടുത്തിട്ടില്ല. അതിനാൽ ആരേയും അവിടെ എടുത്തിട്ടില്ല.

Mr. P. K. Dewer *(Labour)*: What is the number of men employed in the Foreshore Reclamation work now?

മിസ്റ്റർ കെ. അയ്യപ്പൻ: ഫോർഷോർ റിക്ലമേഷനു് ആരേയുമെടുക്കുന്നില്ല.

Mr. P. K. Dewer *(Labour)*: What will be the number of men employed in the 70 ft. road work at Ernakulam now?

മിസ്റ്റർ കെ. അയ്യപ്പൻ: അതു കൺട്രാക്ടർമാരോടു ചോദിച്ചാലെ അറിയാൻ നിവൃത്തിയുള്ളു.

ഡാക്ടർ മിസിസ്സു് ടി. ഫ്രാൻസീസ്സു്: ഈ റോഡിന്റെ വക്കു് തുടരുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉവ്വു്.

മിസ്റ്റർ എം. ഐ. പോൾ: വൈപ്പിൻ-പള്ളിപ്പുറം റോഡു പണി തുടങ്ങിയിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: വക്കു് ഇപ്പോഴും നടക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഉവ്വു്, റോഡിൽ കല്ലിടുവാൻ തുടങ്ങിയിട്ടുണ്ടു്. പാലമാണു് പ്രധാനമായിട്ടുള്ളതു്. അതിന്റെ വക്കു് ഉടനെ നടക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. പി. സീതാരാമൻ: ഇൻഡസ്ട്രിയൽ സ്കൂളിൽനിന്നു പത്തിരുപത്തിയഞ്ചു കൊല്ലം സർവ്വീസുള്ള കുറെ ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിട്ടിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള ജോലിയിൽ അവരിൽ ചിലരെയെങ്കിലും ഉൾപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആലോചിക്കാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: സ്റ്റാറ്റിസ്റ്റിസുപ്രകാരം എത്ര പേർ ഈ രാജ്യത്തു തൊഴിലില്ലാതെ നടക്കുന്നുണ്ട്?

മിസ്റ്റർ കെ. അയ്യപ്പൻ: അങ്ങിനെ ഒരു കണക്കെടുത്തിട്ടില്ല.

മിസ്റ്റർ എം. ഐ. പോൾ: ഇവിടെ തൊഴിലാളികൾ ജോലിയില്ലാതെ ഇരിക്കുമ്പോൾ പെരിങ്ങൽകുത്തു ഹൈഡ്രോ ഏലക്ട്രിക് സ്കീമിലും മറ്റും പുറത്തുനിന്നു തൊഴിലാളികളെ കൊണ്ടുവന്നു ജോലി ചെയ്യിക്കുന്നുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈവക വർക്ക് നടക്കുമ്പോൾ പുറത്തുനിന്നു തൊഴിലാളികൾ അവശ്യമായി വരും.

മിസ്റ്റർ എം. ഐ. പോൾ: ഇവിടെയുള്ള മറ്റു തൊഴിലാളികൾക്കു തൊഴിൽ ഉണ്ടാക്കി കൊടുക്കാൻ വല്ല വഴിയുമുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഇതിൽ പറഞ്ഞിട്ടുള്ള വർക്കുകൾ എടുത്തു നടത്തുമ്പോൾ ധാരാളം തൊഴിലാളികളെ ആവശ്യമായി വരും. രണ്ടു മേജർ സ്കീമിലും വളരെ തൊഴിലാളികളെ എടുത്തിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: അപ്പോൾ ഇതിൽ എഴുതി ചേർത്തിട്ടുള്ള വകുപ്പുകളെല്ലാം ഞങ്ങളുടെ കണ്ണിൽ പൊടിയിടുവാനാണോ?

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർമാരുടെ കണ്ണിൽ പൊടിയിടേണ്ട യാതൊരുദ്ദേശവും ഗവണ്മെണ്ടിനില്ല. അങ്ങിനെ പറയുന്നതു സങ്കടകരമാണ്. ഉള്ള സംഗതി തുറന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മെമ്പർമാർ സമ്മതിക്കുമെന്നു ഞങ്ങൾക്കു പൂർണ്ണ ബോദ്ധ്യമുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: പാണ്ടിക്കുടി-ചെല്ലാനം റോഡു, വൈപ്പീൻ-പള്ളിപ്പുറം റോഡ്, 70 Ft. റോഡ് ഇതൊക്കെ വളരെ കാശുമായി ബഡ്ജറ്റിൽ ചേർത്തുവരുന്നതല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. കെ. ഡീവർ: അപ്പോഴൊക്കെ തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടിയാണ് ഇതു തുടങ്ങുന്നതു എന്നു പറയാറില്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ: അതിനെ ഉദ്ദേശിച്ചാണ് ഉണ്ടാക്കീട്ടുള്ളതു.

മിസ്റ്റർ പി. കെ. ഡീവർ: പിന്നെ ഇതു നിന്നുപോകുവാനുള്ള കാരണമെന്താണ്? ലാൻറ് അക്വിസിഷന്റെ തകരാറുകൊണ്ടാണോ?

മിസ്റ്റർ കെ. അയ്യപ്പൻ: റവന്യു ഡിപ്പാർട്ടുമെണ്ടിന്റെ അമാന്തംകൊണ്ടു മാത്രമല്ല. ഒരു ഉദാഹരണം പറയാം. വൈപ്പീൻ-പള്ളിപ്പുറം റോഡിന്റെ ആദ്യത്തെ വീതി 60 ലിങ്ക്സായിരുന്നു. അതുമൂലം വളരെയധികം ആളുകളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്നു പരാതി കിട്ടിയപ്പോൾ റോഡിന്റെ വിസ്താരം കുറയ്ക്കുന്നതാണു നല്ലതു് എന്നു തീർച്ചയാക്കി. അപ്പോൾ അതിന്റെ ഒറിജിനൽ അലയിൻമെൻറിൽ മാറ്റം വരുത്തേണ്ടതായി വന്നു. ഇങ്ങിനെയുള്ള താമസവും വരും. പിന്നെ ലാൻറ് അക്വിസിഷന്റെ ഒഴിച്ചുകൂടാത്ത താമസവും വരും.

മിസ്റ്റർ പി. കെ. ഡീവർ: ലാൻറ് അക്വിസിഷൻ വേഗം നടത്താവുന്ന കാര്യത്തിലും വളരെ താമസം വരുന്നുണ്ടെന്നുള്ളതറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആ താമസം ഇല്ലാതാക്കാൻ ശ്രമിക്കാം.

ഡാക്ടർ മിസിസ്സ് ടി. ഫ്രാൻസിസ്സ്: എറണാകുളം 60 ഫീറ്റ് റോഡിന്റെ പണി പൂർത്തിയാക്കാൻ എത്ര സമയം വേണ്ടിവരും?

മിസ്റ്റർ കെ. അയ്യപ്പൻ: അതു രണ്ടു ഭാഗമായിട്ടാണ് കൺട്രാക്ട് കൊടുത്തിരിക്കുന്നതു്. അതിൽ വടക്കെ ഭാഗത്തിന്റെ പണി ഇക്കൊല്ലംതന്നെ തീരും. തെക്കെ ഭാഗം വളരെ താമസിയാതെതന്നെ തീരും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. പി. സീതാരാമൻ: പിരിച്ചുവിട്ട ഇൻഡസ്ട്രിയൽ സ്കൂൾ മാസ്റ്റർമാരെ ഈ പണികൾക്ക് എവിടെയെങ്കിലും നിയമിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: റോഡുവക്ക് കൺട്രാക്ടർമാർ നടത്തുകയാണ്. അവക്ക് ഇവരെ ആവശ്യമുണ്ടോ എന്ന് അറിഞ്ഞുകൂടാ.

മിസ്റ്റർ ഗാസ്പർ ഡിസിൽവ: നമ്മുടെ രാജ്യത്തു എത്ര തൊഴിലാളികൾ തൊഴിലില്ലാതെ നടക്കുന്നുണ്ടെന്ന ഒരു കണക്കെടുക്കാമോ?

Mr. President: Order, Order. That is no question.

മിസ്റ്റർ കെ. അയ്യപ്പൻ: അതിനുള്ള ഉത്തരം നേരത്തെ പറഞ്ഞിട്ടുണ്ട്.

Mr. President: That is why that is ruled out of order.

മിസ്റ്റർ കെ. കരുണാകരൻ: പെരിങ്ങൽകുത്തിൽ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതസൌകര്യങ്ങൾ ഗവൺമെണ്ടു് നോക്കാറുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ: അവിടെയുള്ള തൊഴിലാളികൾക്കു കാര്യമായ അസൌകര്യമുള്ളതായി പരാതി വന്നിട്ടില്ല. പരാതിയുണ്ടായാൽ അതിനെപ്പറ്റി അന്വേഷിക്കാം.

മിസ്റ്റർ കെ. എച്ച്. സുലൈമാൻ: ഈ നാട്ടിലെ തൊഴിലാളികൾക്കു തന്നെ തൊഴിലില്ലാതിരിക്കുമ്പോൾ ഇവിടെ വിദേശങ്ങളിൽനിന്നു തൊഴിലാളികളെകൊണ്ടുവന്നു തൊഴിൽ ചെയ്യിക്കുന്നതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഈ നാട്ടിൽ തൊഴിലില്ലാതെ പട്ടിണി കിടക്കുന്ന തൊഴിലാളികളെ പെരിങ്ങൽകുത്തിലും മറ്റും എടുക്കുവാൻ ഏർപ്പാടു ചെയ്യിട്ടുണ്ട്. ഇവിടെയുള്ളവരെ കിട്ടുന്നില്ലായെന്നുള്ള കാരണംകൊണ്ടു് വക്കു താമസിച്ചുപോകരുതു് എന്നു കരുതി പുറത്തുനിന്നു ആളുകളെ എടുത്തു അവിടെ പണി നടത്തുന്നുണ്ട്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: വിദേശീയരായ തൊഴിലാളികൾ നമ്മുടെ ഫാർമിൽ ജോലി ചെയ്യുന്നതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ആ സംഗതി ഇതിനു മുമ്പുതന്നെ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അതിനെ സംബന്ധിച്ചു ഇന്ത്യാ ഗവൺമെണ്ടുമായി ആലോചന നടത്തുവാൻ നോക്കാം.

മിസ്റ്റർ എം. ഐ. പോൾ: തിരുവിതാംകൂർ ഗവൺമെണ്ടു മറ്റു പല രാജ്യങ്ങളിൽനിന്നും ആളുകളെ ക്ഷണിച്ചുവരുത്തി അവിടെ ഫാക്ടറികൾ ഓപ്പൺ ചെയ്യുന്നതിനു പ്രോത്സാഹനം നല്കിയതുപോലെ ഇവിടെയും ചെയ്യാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: ഫാക്ടറികൾ തുടങ്ങുന്നതിനു ആദ്യമായി വേണ്ടതു എലക്ട്രിക്കു് പവ്വറാണ്. തിരുവിതാംകൂറിൽ പള്ളിവാസൽ പദ്ധതി നടപ്പിൽ വന്നതിനുശേഷമാണു് അവിടെ ഫാക്ടറികൾ തുടങ്ങിയതു്. ഇവിടെ ഫുൾ ലോഡു മദ്ധ്യമാകുമ്പോഴേക്കും ഫസ്റ്റ്, ൦ ൦ ൦ കിലോ വാട്ട്സ് പവ്വർ കിട്ടുമെന്നാണു് പ്രതീക്ഷിക്കുന്നതു്. അതിനുശേഷമേ ഇവിടെ ഫാക്ടറികൾ തുടങ്ങുന്നതിനു പ്രോത്സാഹിപ്പിക്കുവാൻ നിവൃത്തിയുള്ളൂ.

PROCLAMATION REGARDING AVERAGE NALIKERA PATTOM—PARTICULARS OF

73. (73) **Mr. M. I. Paul** *(Elankunnapuzha)*: Will Government be pleased to state.—

(*a*) according to Proclamation, 1120 regarding the Average Nalikera pattom, from what year retrospective effect will be given effect to;

(*b*) whether the Government are aware that Nalikera pattom is collected from tenants who have executed pattomchit on paddy fields, if so, why?

Mr. K. Ayyappan *(Minister for Works and Revenue)*:

(*a*) There is no retrospective operation provided for in the Act XVII of 1120 which is the Amendment Act that provides for average rates.

(*b*) No.

മിസ്റ്റർ എം. ഐ. പോൾ: [illegible] മുതല്ലല്ലോ റിട്രോസ്പക്ടീവു് ഇഫക്ട്, [illegible] മുതല്ലാണ്. ഇതിനെ സംബന്ധിച്ചു ഹൈക്കോട്ടിലും, ഡിസ്ട്രിക്ട് കോട്ടിലും വ്യവസ്ഥ വിധിയുണ്ടായതായി ഗവൺമെണ്ടിന്നറിയാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഡിസ്ട്രിക്ട് കോട്ടിലുണ്ടായിട്ടുള്ള വിധിക്കു ഹൈക്കോട്ടിൽ അപ്പീൽ കൊടുക്കാമല്ലോ.

മിസ്റ്റർ എം. ഐ. പോൾ: ഡിസ്ട്രിക്ട് കോട്ടിന്റെ വിധി വേഗത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള അമൻഡുമെന്റ് വരുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly